കൂടുതൽ പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്ന ഏജൻസികളെ ജി 1 എന്നും മറ്റ് ഏജൻസികളെ ജി.2 എന്നും തരം തിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിനും നിശ്ചയിച്ചിരിക്കുന്ന വൈദ്യുതി നിരക്ക് ചുവടെ ചേർക്കുന്നു.

ജി.1	11 കെ.വി	66 കെ.വി	110 കെ.വി
എ. ഡിമാന്റ് ചാർജ് (പൈസ/കെ.വി.എ)	255	240	225
ബി. എനർജി ചാർജ് (പൈസ/യൂണിറ്റ്)	215	205	205
ജി.2	**11 കെ.വി**	**66 കെ.വി**	**110 കെ.വി**
എ. ഡിമാന്റ് ചാർജ് (പൈസ/കെ.വി.എ)	256	240	225
ബി. എനർജി ചാർജ് (പൈസ/യൂണിറ്റ്)	276	260	260

(സി) ഗവൺമെന്റ് നിശ്ചയിച്ച, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വിൽക്കുന്ന വിലയ്ക്കു തന്നെയാണ് വിൽക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) വിവരം ലഭ്യമല്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

എം.എൽ.എ. മാരുടേയും എം.പി.മാരുടെയും പ്രാദേശിക വികസന പദ്ധതി ഫണ്ടിന്റെ സഹായത്തോടെ നടത്തുന്ന വൈദ്യുതീകരണ പ്രവർത്തനങ്ങൾ

126 (1670) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.യുടെയും പാർലമെന്റംഗങ്ങളുടെയും പ്രാദേശിക വികസന ഫണ്ടിന്റെ സഹായത്തോടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) എം.പി.മാരും എം.എൽ.എ.മാരും വൈദ്യുതീകരണ പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എം.പി., എം.എൽ.എ., എൽ.എ.ഡി ഫണ്ടിന്റെ ഗൈഡ് ലൈനിന് വിരുദ്ധമായി ഈ പണം ഡിപ്പോസിറ്റ് ചെയ്താൽ മാത്രമേ പ്രവൃത്തി ആരംഭിക്കൂ എന്ന കെ. എസ്. ഇ. ബി. യുടെ നിലപാട് പുനഃപരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) എം.എൽ.എ. മാരുടെയും പാർലമെന്റ് അംഗങ്ങളുടെയും പ്രാദേശിക വികസന ഫണ്ടിന്റെ സഹായത്തോടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഏഷ്യാനെറ്റും വൈദ്യുതി ബോർഡും തമ്മിലുള്ള കരാർ

127 (1671) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യാനെറ്റും വൈദ്യുതിബോർഡും തമ്മിലുള്ള കരാർ കാലാവധിക്കുശേഷം പുതുക്കി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ഏഷ്യാനെറ്റിൽ നിന്നും ഇതേവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് നിശ്ചയിച്ച തുക പുതുക്കിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കരാർ പുതുക്കി നൽകിയിട്ടില്ല.

(ബി) മാറ്റം വരുത്തിയിട്ടുണ്ട്. 16-10-2002, 18-10-2002 തീയതികളിൽ വിദ്യുച്ഛക്തി ബോർഡ് പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം കേബിൾ ടി. വി. ലൈൻ വലിക്കുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 1,47,03,461 രൂപ. കൂടാതെ, കോടതി നിർദ്ദേശപ്രകാരം 2 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 11/2002 വരെ 39,16,136 രൂപ കുടിശ്ശികയുണ്ട്. 37,70,302 രൂപ കോടതിക്കേസിൽപ്പെട്ടിട്ടുണ്ട്. 1,45,834 രൂപയ്ക്ക് രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്.

(ഇ) പുതുക്കിയിട്ടുണ്ട്. 16-10-2002-ലെ ബോർഡ്ഉത്തരവുപ്രകാരം വാർഷിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly